സിനിമ

വണ്ടൂർ

ഹരിഹർ ഫിലിം സിറ്റി A/C Sony 4K Dolby 3D (OnlineBookbyQ)

Screen1 (4K):
- Jo & Jo (11:30am, 6:30pm, 9:30pm)
- KGF (2:30pm)

Screen 2 (4K)
- പത്താം വളവ് (11:30am, 2:30pm, 6:30pm)
- KGF 2 (9.30 pm)

Screen 3 (4K)
- ജന ഗണ മന (2:30pm, 6:15pm, 9:30pm)
- KGF (11:15am)

രാമനാട്ടുകര

സുരഭി
ONLINE RESERVATION: WWW.JUSTICKETS.IN
Red ruby(Screen 1)
- മേരി ആവാസ് സുനോ
- 11.00am,4.15pm,9.30pm.
- CBI5 (6.30pm)
- K.G.F2 (1.15pm)

Blue pearl (Screen 2
- ജനഗണമന (11.00am,4.30pm,10.00pm)
- ജോ&ജോ (2.00pm,7.30pm)

കോട്ടക്കൽ

ലീന
Screen1:
- ജന ഗണ മന (11.00am,2.30pm,6.00pm,, 9.15pm)

Screen2:
- KGF2(Mal) (11.00am)
- മേരീ ആവാസ് സുനോ (2.30pm,6.00pm, 9.15pm)

പൂക്കോട്ടുംപാടം

ഗ്യാലക്സി സിനിമാസ്
Screen1:
- ജോ&ജോ (11.15 am, 2.30 pm, 6.15pm, 9.15pm)

Screen2:
- ജനഗണമന (11.15 am, 9.30pm)
- പത്താംവളവ് (2.30 pm, 5.00pm, 9.30 pm)

തിരൂർ

സെൻട്രൽ
- കെജിഎഫ് (11.30, 2.30)
- ബീസ്റ്റ് (6.15, 9.15)

സി എം അബ്ദുറഹ്മാൻ സ്മാരക പുരസ്കാരം സെബി മാളിയേക്കലിന്

തിരൂർ

വെട്ടം ആലിശ്ശേരി പി പി അബ്ദുള്ളക്കുട്ടി സ്മാരക വായനശാലയുടെ സി എം അബ്ദുറഹ്മാൻ മാധ്യമ അവാർഡ് ദീപിക ലേഖകൻ സെബി മാളിയേക്കലിന്. പതിനായിരം രൂപയും ശിൽപ്പവുമടങ്ങുന്നതാണ് പുരസ്കാരം. സൺഡേ ദീപികയിൽ 2020 മെയ് 31ന് പ്രസിദ്ധീകരിച്ച 'വിലയായി കൊടുത്തത് രണ്ടു കാലുകൾ' ഫീച്ചറിനാണ് പുരസ്കാരം. ദേശാഭിമാനി മുൻ സീനിയർ ന്യൂസ് എഡിറ്റർ കോയ മുഹമ്മദ് ചെയർമാനും അഡ്വ. രാജേഷ് പുതുക്കാട്, മുരളീധരൻ എന്നിവർ അംഗങ്ങളുമായതാണ് ജൂറി. കോവിഡ് സാഹചര്യങ്ങളാൽ ദൃശ്യമാധ്യമ പ്രവർത്തകർക്കുള്ള അവാർഡ് തീരുമാനിക്കാനായില്ലെന്ന് സംഘാടകസമിതി ചെയർമാൻ അഡ്വ. പി ഹംസക്കുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

അധ്യാപക നിയമനം

മലപ്പുറം

മഞ്ചേരി നെല്ലിക്കുത്ത് ജിവിഎച്ച്എസ് സ്കൂളിൽ പിടിഎയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ പ്രൈമറി ക്ലാസുകളിലേക്ക് അധ്യാപകരെ നിയമിക്കും. താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ അസൽ രേഖകൾ സഹിതം തിങ്കൾ പകൽ രണ്ടിന് സ്കൂളിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം.

പുസ്തക സമാഹരണം

കൊണ്ടോട്ടി

എഐവൈഎഫ് സംസ്ഥാന കമ്മിറ്റി ഓഫീസായ ജയപ്രകാശ് സ്മാരകത്തിൽ ആരംഭിക്കുന്ന എൻ വേലപ്പൻ സ്മാരക ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സമാഹരിക്കുന്നതിന്റെ ജില്ലാതല ഉദ്ഘാടനം കൊണ്ടോട്ടിയിൽ നടന്നു. മഹാകവി മോയിൻകുട്ടി വൈദ്യരുടെ സമ്പൂർണ കൃതികളുടെ പതിപ്പുകൾ വൈദ്യർ അക്കാദമി സെക്രട്ടറി റസാക്ക് പയമ്പ്രോട്ടിൽനിന്ന് മന്ത്രി കെ രാജൻ ഏറ്റുവാങ്ങി. എഐവൈഎഫ് ജില്ലാ സെക്രട്ടറി അഡ്വ. ഷഫീർ കിഴിശേരി, ജില്ലാ പ്രസിഡന്റ് സി പി നിസാർ, പി കെ കൃഷ്ണദാസ്, പുലത്ത് കുഞ്ഞു, അസീസ് ബാവ, കെ വി നാസർ, ഷഹീർ മണ്ണാരിൽ, എ ഫാസിൽ എന്നിവർ സംസാരിച്ചു.

വിവാഹം

ആലപ്പുഴ

കുത്തിയതോട് കോടംതുരുത്ത് നാളികാട്ട് പരേതനായ വി ബാബുവിന്റെയും ജയശ്രീയുടെയും മകൻ ബിനോജ് ബാബുവും (ദേശാഭിമാനി സർക്കുലേഷൻ വിഭാഗം, ആലപ്പുഴ) കടക്കരപ്പള്ളി അഖിൽ നിവാസിൽ ബാബുവിന്റെയും ഉദയമ്മയുടെയും മകൾ ശ്രീലക്ഷ്മിയും വിവാഹിതരായി.

തുഞ്ചൻ ഉത്സവത്തിൽ ഗായകൻ ഷബീർ അലി ഗസൽ അവതരിപ്പിക്കുന്നു

പൂർവ വിദ്യാർഥി സംഗമം

കൊണ്ടോട്ടി

ഇഎംഇഎ ഹയർ സെക്കൻഡറി സ്കൂളിലെ പൂർവ വിദ്യാർഥി സംഗമം ശനി പകൽ മൂന്നിന് നടക്കും. കൊണ്ടോട്ടി പഴയങ്ങാടിയിലെ വാടക കെട്ടിടത്തിൽ പഠിച്ചവർമുതൽ ചെമ്മലപ്പറമ്പിലെ ക്യാമ്പസിൽ പഠിച്ചവർവരെ ഒത്തുകൂടും.

അധ്യാപകരായിരുന്ന വീരാൻകുട്ടി, കെ കെ മൂസക്കുട്ടി എന്നിവരെ ആദരിക്കും.

നഴ്സസ് ദിനാചരണം

വണ്ടൂർ

നഴ്സസ് ദിനാചരണ ഭാഗമായി കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ പോരൂർ യൂണിറ്റ് മുതിർന്ന ആരോഗ്യപ്രവർത്തക പി വി സുമിത്രയെ ആദരിച്ചു.

യൂണിറ്റ് രക്ഷാധികാരി കെ പി വാസുദേവൻ നായർ അവരുടെ വീട്ടിലെത്തി പൊന്നാട അണിയിച്ചു. ജില്ലാ ജോ. സെക്രട്ടറി ഇ ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി, പി കെ ശങ്കുണ്ണി, പി രാധ, വി ശാരദ, പി അബ്ദുൾ കാദർ എന്നിവർ സംസാരിച്ചു.

സംഘാടക സമിതി ഓഫീസ് തുറന്നു

വണ്ടൂർ

എസ്എഫ്ഐ സംസ്ഥാന സമ്മേളനത്തിന്റെ തിരുവാലി ലോക്കൽതല സംഘാടകസമിതി ഓഫീസ് സിപിഐ എം തിരുവാലി ലോക്കൽ സെക്രട്ടറി കെ പി വിജയകുമാർ ഉദ്ഘാടനംചെയ്തു. പി സബീർ ബാബു, പി അജീഷ്, കെ അജ്മൽ, സി കെ ആരതി, പി വൈഷ്ണവ്, പി സനൽ, കെ അർജുൻ നാഥ്, പി അഭിജിത്ത് എന്നിവർ സംസാരിച്ചു.

ട്രൈബൽ ഫെസ്റ്റ്

എടക്കര

എസ്എഫ്ഐ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് മൂത്തേടം ഉച്ചക്കുളം കോളനിയിൽ ട്രൈബൽ ഫെസ്റ്റ് സംഘടിപ്പിച്ചു.

സിപിഐ എം മൂത്തേടം ലോക്കൽ സെക്രട്ടറി എ പി അനിൽ ഉദ്ഘാടനംചെയ്തു. എ ടി റെജി, ബഷീർ പനോലൻ, സി എ ചന്ദ്രൻ, അജ്മൽ, സഫ്‌വാൻ, സതീഷ് പൂളക്കപ്പാറ, പി കെ ഷെഫീഖ്, വി വൈ ജംഷീർ എന്നിവർ സംസാരിച്ചു.

ബാലസംഘം വേനൽതുമ്പി പരിശീലന ക്യാമ്പ്

നിലമ്പൂർ

ബാലസംഘം നിലമ്പൂർ ഏരിയാ വേനൽതുമ്പി പരിശീലന ക്യാമ്പ് നിലമ്പൂരിൽ തുടങ്ങി. പ്രശസ്ത ചലച്ചിത്ര നാടകനടി നിലമ്പൂർ ആയിഷ ഉദ്ഘാടനംചെയ്തു.

നിലമ്പൂർ മന്നം സ്മാരക എൻഎസ്എസ് ഹയർ സെക്കൻഡറി സ്കൂളിലാണ് ക്യാമ്പ് ആരംഭിച്ചത്. ജോർജ് കെ ആന്റണി, പി ശിവാത്മജൻ, ജെ രാധാകൃഷ്ണൻ, പി ഗോപാലകൃഷ്ണൻ, ബാസിം കടവത്ത്, കെ അനന്യ, കെ എൻ പ്രസന്നൻ എന്നിവർ സംസാരിച്ചു.

പാണ്ടിക്കാട്, വാഴയൂർ, തൃക്കലങ്ങോട്

വില്ലേജ് ഓഫീസുകൾ സ്മാർട്ട്

തൃക്കലങ്ങോട് സ്മാർട്ട് വില്ലേജ് ഓഫീസ് മന്ത്രി കെ രാജൻ ഉദ്ഘാടനംചെയ്യുന്നു

വാഴയൂർ സ്മാർട്ട് വില്ലേജ് ഓഫീസ് മന്ത്രി കെ രാജൻ ഉദ്ഘാടനംചെയ്യുന്നു

പാണ്ടിക്കാട് സ്മാർട്ട് വില്ലേജ് ഓഫീസ് മന്ത്രി കെ രാജൻ ഉദ്ഘാടനംചെയ്യുന്നു

പാണ്ടിക്കാട്

സംസ്ഥാന സർക്കാരിന്റെ രണ്ടാം നൂറുദിന കർമപരിപാടിയുടെ ഭാഗമായി നിർമിച്ച പാണ്ടിക്കാട് സ്മാർട്ട് വില്ലേജ് ഓഫീസ് റവന്യൂ മന്ത്രി കെ രാജൻ ഉദ്ഘാടനംചെയ്തു. 44 ലക്ഷം രൂപ ചെലവഴിച്ചാണ് ഓഫീസ് നിർമിച്ചത്. യു എ ലത്തീഫ് എംഎൽഎ അധ്യക്ഷനായി. കലക്ടർ വി ആർ പ്രേംകുമാർ, പഞ്ചായത്ത് പ്രസിഡന്റ് ടി കെ റാബിയത്ത്, ജില്ലാ പഞ്ചായത്തംഗം റഹമത്തുന്നിസ താമരത്ത്, സിപിഐ എം ജില്ലാ കമ്മിറ്റിയംഗം പി രാധാകൃഷ്ണൻ, മുഹമ്മദ് സദക്കത്തുള്ള, ഡിബോണ നാസർ എന്നിവർ സംസാരിച്ചു.

കൊണ്ടോട്ടി

വാഴയൂർ സ്മാർട്ട് വില്ലേജ് ഓഫീസ് റവന്യൂ മന്ത്രി കെ രാജൻ ഉദ്ഘാടനംചെയ്തു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 44 ലക്ഷം രൂപ ചെലവിൽ കക്കോവിലാണ് പുതിയ കെട്ടിടം. വില്ലേജ് ഓഫീസർക്ക് പ്രത്യേക റൂം, മറ്റു ജീവനക്കാർക്ക് പ്രത്യേകം ഡെസ്ക്, ഫ്രണ്ട് ഓഫീസ്, ഭിന്നശേഷി സൗഹൃദ ടോയ് ലെറ്റ്, കംപ്യൂട്ടർ അനുബന്ധ സൗകര്യങ്ങൾ, കോൺഫറൻസ് ഹാൾ എന്നിവയുണ്ട്. നിർമിതികേന്ദ്രമാണ് ഇരുനില കെട്ടിടം പണിതത്.

കെട്ടിടം പണിയാൻ ഭൂമി സൗജന്യമായി വിട്ടുനൽകിയ കളത്തിങ്ങൽ കുടുംബാംഗമായ അബ്ദുൾ അലിയെ ചടങ്ങിൽ ആദരിച്ചു. ടി വി ഇബ്രാഹിം എംഎൽഎ അധ്യക്ഷനായി. കലക്ടർ വി ആർ പ്രേംകുമാർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി പി ഷെജിനി ഉണ്ണി, പഞ്ചായത്ത് പ്രസിഡന്റ് ടി പി വാസുദേവൻ, ചെറുകാവ് പഞ്ചായത്ത് പ്രസിഡന്റ് പി കെ അബ്ദുള്ളകോയ, സുഭദ്ര ശിവദാസൻ, റസീന, പി കെ ബാലകൃഷ്ണൻ, എഡിഎം എൻ എം മെഹറലി, സതീദേവി എന്നിവർ പങ്കെടുത്തു.

തൃക്കലങ്ങോട്

തൃക്കലങ്ങോട് സ്മാർട്ട് വില്ലേജ് ഓഫീസ് മന്ത്രി കെ രാജൻ ഉദ്ഘാടനംചെയ്തു. റീ ബിൽഡ് കേരളയിലുൾപ്പെടുത്തി 44 ലക്ഷം രൂപ ചെലവിലാണ് സ്മാർട്ട് വില്ലേജ് ഓഫീസ് യാഥാർഥ്യമാക്കിയത്. വില്ലേജ് ഓഫീസർക്കുള്ള മുറി, ജീവനക്കാർക്ക് ഇരിക്കാനുള്ള ഹാൾ, കോൺഫറൻസ് ഹാൾ, റെക്കോർഡ് റൂം, ഫ്രണ്ട് ഓഫീസ് കൗണ്ടർ, ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക ശുചിമുറി എന്നിവയാണ് കെട്ടിടത്തിൽ ഒരുക്കിയിട്ടുള്ളത്. യു എ ലത്തീഫ് എംഎൽഎ അധ്യക്ഷനായി. പി വി അൻവർ എംഎൽഎ, കലക്ടർ വി ആർ പ്രേംകുമാർ, മുൻ എംഎൽഎ എം ഉമ്മർ, തൃക്കലങ്ങോട് പഞ്ചായത്ത് പ്രസിഡന്റ് എൻ പി ഷാഹിദ മുഹമ്മദ്, വൈസ് പ്രസിഡന്റ് കെ ജയപ്രകാശ് ബാബു, സ്ഥിരംസമിതി അധ്യക്ഷ ഷിഫാന ബഷീർ, ബ്ലോക്ക് പഞ്ചായത്തംഗം ഹസ്കർ ആമയൂർ, അജിത കലങ്ങോടിപറമ്പ്, കെ കുട്ട്യാപ്പു, ഇ അബ്ദു, ഇ എ സലാം, ബഷീർ മരത്താണി എന്നിവർ സംസാരിച്ചു.

എമർജൻസി ഓപറേഷൻ സെന്റർ നാടിന് സമർപ്പിച്ചു

നിലമ്പൂർ താലൂക്ക് എമർജൻസി ഓപറേഷൻ സെന്റർ മന്ത്രി കെ രാജൻ ഉദ്ഘാടനംചെയ്യുന്നു

നിലമ്പൂർ

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ നിലമ്പൂരിൽ താലൂക്ക് എമർജൻസി ഓപറേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. റവന്യൂ മന്ത്രി കെ രാജൻ ഉദ്ഘാടനംചെയ്തു. പി വി അൻവർ എംഎൽഎ അധ്യക്ഷനായി. പി വി അബ്ദുൽ വഹാബ് എംപി, പി കെ ബഷീർ എംഎൽഎ, നിലമ്പൂർ നഗരസഭാ ചെയർമാൻ മാട്ടുമ്മൽ സലീം എന്നിവർ പങ്കെടുത്തു.

ഫയർ ഫ്ലൈ ഫെസ്റ്റുമായി അമരമ്പലം പഞ്ചായത്ത്

പൂക്കോട്ടുംപാടം

ഉത്തരവാദിത്വ ടൂറിസം പദ്ധതി ഭാഗമായി അമരമ്പലം പഞ്ചായത്ത് ഫയർ ഫ്ളൈ (മിന്നാമിന്നി) ഫെസ്റ്റ് സംഘടിപ്പിച്ചു. ഉത്തരവാദിത്വ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി മിന്നാമിന്നികൾ കൂട്ടമായെത്തുന്ന ഇടങ്ങളിലെ ടൂറിസം സാധ്യതതേടിയാണ് ഫെസ്റ്റ് സംഘടിപ്പിച്ചത്. ഏപ്രിൽ മെയ് മാസങ്ങളിൽ കേരളത്തിൽ ഏറ്റവും കൂടുതൽ മിന്നാമിന്നികളെ കാണാൻ കഴിയുന്നത് പശ്ചിമഘട്ടത്തിലെ കോയിപ്ര മലവാരത്തിന്റെ താഴ്‌വരയായ ടികെ കോളനിയാണെന്ന കണ്ടെത്തലാണ് ഫെസ്റ്റ് സംഘടിപ്പിക്കാൻ പ്രചോദനം. മിന്നാമിന്നിയെ തേടിയുള്ള യാത്രയിൽ ഭരണസമിതിയംഗങ്ങൾ, വിവിധ വകുപ്പ് മേധാവികൾ, രാഷ്ട്രീയ പാർടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. പ്രത്യേകം പ്രൊജക്ട് തയ്യാറാക്കി ഉത്തരവാദിത്വ ടൂറിസം അധികൃതർക്ക് കൈമാറാനും തീരുമാനമായി. ടികെ കോളനിയിൽ നടന്ന പരിപാടി അമരമ്പലം പഞ്ചായത്ത് പ്രസിഡന്റ് ഇല്ലിക്കൽ ഹുസൈൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഒ അനിത രാജു അധ്യക്ഷയായി. വിദ്യാഭ്യാസ ആരോഗ്യ സ്ഥിരംസമിതി അധ്യക്ഷൻ കെ അനീഷ് പദ്ധതി വിശദീകരിച്ചു. പഞ്ചായത്ത് സെക്രട്ടറി പി ബി ഷാജു സംസാരിച്ചു.

കർഷക തൊഴിലാളി യൂണിയൻ ഏരിയാ കൺവൻഷൻ

വണ്ടൂർ

ചെറുകോട് നടന്ന കർഷക തൊഴിലാളി യൂണിയൻ വണ്ടൂർ ഏരിയാ കൺവൻഷൻ യൂണിയൻ ജില്ലാ പ്രസിഡന്റ് എം പി അലവി ഉദ്ഘാടനംചെയ്തു. ഏരിയാ പ്രസിഡന്റ് പി ബാലകൃഷ്ണൻ അധ്യക്ഷനായി.

സലാം കക്കറ അനുശോചന പ്രമേയവും ഏരിയാ സെക്രട്ടറി എം ടി അഹമ്മദ് പ്രവർത്തന റിപ്പോർട്ടും സംസ്ഥാന കമ്മിറ്റി അംഗം എൻ കണ്ണൻ സംഘടനാ റിപ്പോർട്ടും അവതരിപ്പിച്ചു. സിപിഐ എം ഏരിയാ സെക്രട്ടറി ബി മുഹമ്മദ് റസാഖ്, എം മുരളി, ഷിഫ്ന മമ്പാട് എന്നിവർ സംസാരിച്ചു.

കർഷക തൊഴിലാളി യൂണിയൻ വണ്ടൂർ ഏരിയാ കൺവൻഷൻ ജില്ലാ പ്രസിഡന്റ് എം പി അലവി ഉദ്ഘാടനംചെയ്യുന്നു

പാണ്ടിക്കാട് കെ കരുണാകരൻ സ്മാരക ഗവ. ഐടിഐക്ക് അഭിമാനനേട്ടം

പാണ്ടിക്കാട്

പാണ്ടിക്കാട് ഐടിഐക്ക് അഭിമാനനേട്ടം. ഐടിഐകൾക്കുള്ള സംസ്ഥാനതല ഗ്രേഡിങ്ങിലാണ് പാണ്ടിക്കാട് കെ കരുണാകരൻ സ്മാരക ഗവ. ഐടിഐ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. എൻസിവിടി മാനദണ്ഡമനുസരിച്ചുള്ള മികച്ച പശ്ചാത്തല, അക്കാദമിക് സംവിധാനങ്ങൾ ഒരുക്കിയതിനാണ് അംഗീകാരം.

ഒരു ലക്ഷം രൂപ പാരിതോഷികവും ഉപഹാരവും തിരുവനന്തപുരം അയ്യൻകാളി ഹാളിൽ നടന്ന ചടങ്ങിൽ തൊഴിൽ നൈപുണ്യ വികസന വകുപ്പ് മന്ത്രി വി ശിവൻകുട്ടിയിൽനിന്ന് പ്രിൻസിപ്പൽമാരായ കെ പി ശശി, കെ ഉണ്ണികൃഷ്ണൻ, ഇൻസ്ട്രക്ടർ അഭിലാഷ് എന്നിവർ ഏറ്റുവാങ്ങി. പാണ്ടിക്കാട് ഐടിഐയിൽ പഠിക്കുന്ന ട്രെയിനികൾക്ക് പഠനാനന്തരം തൊഴിൽ നേടുന്നതിന് ഏറെ സഹായകരമായ ഈ നേട്ടം ആഘോഷിക്കാൻ തയ്യാറെടുക്കുകയാണ് വിദ്യാർഥികളും രക്ഷിതാക്കളും ജീവനക്കാരും.

പാണ്ടിക്കാട് കെ കരുണാകരൻ സ്മാരക ഗവ. ഐടിഐക്ക് എൻസിവിടി മാനദണ്ഡമനുസരിച്ചുള്ള മികച്ച പശ്ചാത്തല, അക്കാദമിക് സംവിധാനങ്ങൾ ഒരുക്കിയതിന് ലഭിച്ച അവാർഡ് മന്ത്രി വി ശിവൻകുട്ടിയിൽനിന്ന് പ്രിൻസിപ്പൽമാരായ കെ പി ശശി, കെ ഉണ്ണികൃഷ്ണൻ എന്നിവർ ഏറ്റുവാങ്ങുന്നു

സന്തോഷ് ട്രോഫി നേടിയ കേരള ടീമംഗം അർജുൻ ജയരാജിനെ തൃക്കലങ്ങോട്ട് നടന്ന ചടങ്ങിൽ മന്ത്രി കെ രാജൻ ആദരിക്കുന്നു

മദ്രസ ആരംഭിച്ചു

വണ്ടൂർ

തായംകോട് വട്ടക്കളരിയിൽ അജ്മീർ ഖാജ തങ്ങളുടെ പേരിൽ ആരംഭിച്ച സുൽത്വാനിയ്യ സുന്നി മദ്രസ വണ്ടൂർ അബ്ദുറഹിമാൻ ഫൈസി ഉദ്ഘാടനം ചെയ്തു. മമ്പാട് ബാപ്പു തങ്ങൾ അധ്യക്ഷനായി. സലീം മറ്റത്ത്, വഹാബ് സഖാഫി മമ്പാട്, കരുളായി അബ്ദുൽ കരീം അഹ്സനി, പി അച്യുതൻ, കെ ആനന്ദകൃഷ്ണൻ, എറിയാട് ബുറാഖ് ഹാജി (മാനു) എന്നിവർ സംസാരിച്ചു.

യുവ ശാസ്ത്രജ്ഞയാവാനൊരുങ്ങി ഹിബ ഫാത്തിമ

വളാഞ്ചേരി

ഐഎസ്ആർഒ സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന 'യങ് സയന്റിസ്റ്റ്' പരിപാടിയിൽ ഇടംനേടി കടകശേരി ഐഡിയൽ ഇംഗ്ലീഷ് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥി ഹിബ ഫാത്തിമ. ഈ വർഷം പത്താം ക്ലാസിലേക്ക് പ്രവേശനം ലഭിച്ച രാജ്യത്തെ 150 വിദ്യാർഥികൾക്കാണ് പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. ഇതിൽ കേരളത്തിൽനിന്നുള്ള മൂന്നുപേരിൽ ഒരാളാണ് ഹിബ ഫാത്തിമ.

ശാസ്ത്ര സാങ്കേതികരംഗത്തെ പുതിയ കണ്ടെത്തലുകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐഎസ്ആർഒ 'യുവിക 2022' പേരിൽ പരിപാടി സംഘടിപ്പിക്കുന്നത്.

ഹിബ ഫാത്തിമ

ഐഎസ്ആർഒ നടത്തുന്ന പ്രവേശന പരീക്ഷയിൽ കിട്ടുന്ന മാർക്ക്, സ്കൂൾ പരീക്ഷയിൽ കിട്ടുന്ന മാർക്ക്, സ്കൗട്ട് ആൻഡ് ഗൈഡ്സ്, എസ്പിസി, എൻഎസ്എസ്, റെഡ് ക്രോസ്, സ്പോർട്സ്, സയൻസ് ഫെയർ, ഒളിമ്പ്യാട് എക്സാം തുടങ്ങിയ മേഖലകളിൽ ലഭിച്ച മാർക്ക് എന്നിവ പരിഗണിച്ചാണ് പരിപാടിയിലേക്ക് വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നത്. സെലക്ഷൻ ലഭിച്ചവർക്ക് ശ്രീഹരിക്കോട്ടയിലെ സധീഷ് ധവാൻ സ്പേസ് സെന്റർ സന്ദർശിക്കാനും ഐഎസ്ആർഒ ചെയർമാനുമായി സംവദിക്കാനും അവസരം ലഭിക്കും. 15 മുതൽ മുപ്പതുവരെ തിരുവനന്തപുരം ഐഎസ്ആർഒ കേന്ദ്രത്തിൽ നടക്കുന്ന പരിപാടിയിലെ യാത്ര, താമസം, ഭക്ഷണം എന്നിവയടക്കമുള്ള ചെലവുകൾ പൂർണമായും സർക്കാറാണ് വഹിക്കുക. മദിരശേരിയിൽ താമസിക്കുന്ന ഐഡിയൽ സ്കൂളിലെ അറബിക് വിഭാഗം മേധാവി ഉമർ പുനത്തിലിന്റെയും വെളിയങ്കോട് എംടിഎം കോളേജ് ജീവനക്കാരി സജ്‌ലയുടെയും മകളാണ് ഹിബ ഫാത്തിമ. സഹോദരൻ: മുഹമ്മദ് അഫ്റസ്.

നിയന്ത്രണംവിട്ട കാറിടിച്ച് മതിൽ തകർന്നു

മലപ്പുറം

നിയന്ത്രണംവിട്ട കാറിടിച്ച് മലപ്പുറം എംഎസ്പി ക്യാമ്പിന്റെ മതിലും വൈദ്യുത തൂണും തകർന്നു.

വ്യാഴാഴ്ച പുലർച്ചയാണ് അപകടം. പാലക്കാട് ഭാഗത്തുനിന്ന് മലപ്പുറത്തേക്ക് വരികയായിരുന്ന കാറാണ് അപകടത്തിൽപ്പെട്ടത്. ഇടിയുടെ ആഘാതത്തിൽ കാറിന്റെ മുൻവശം ഭാഗികമായി തകർന്നു. ആർക്കും പരിക്കില്ല.

റേഷൻ കടകൾക്ക് തിങ്കളാഴ്ച അവധി

മഞ്ചേരി

ഓൾ കേരള റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ ജില്ലാ സമ്മേളനം നടക്കുന്നതിനാൽ തിങ്കളാഴ് ഉച്ചക്കുശേഷം ജില്ലയിലെ റേഷൻ കടകൾ പ്രവർത്തിക്കില്ല.

പകൽ രണ്ടിന് മഞ്ചേരി വ്യവസായ ഭവനിൽ നടക്കുന്ന സമ്മേളനം സംസ്ഥാന സെക്രട്ടറി ടി മുഹമ്മദലി ഉദ്ഘാടനംചെയ്യും.

വിദ്യാഭ്യാസ വാർത്ത

ട്രേഡ് ടെസ്റ്റ് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷ: ഐടിഐകളിൽ ബന്ധപ്പെടണം

തിരുവനന്തപുരം

സെമസ്റ്റർ സമ്പ്രദായത്തിൽ 2014 മുതൽ 2017 വരെ പ്രവേശനം നേടിയവരിൽ ഇനിയും അഖിലേന്ത്യ ട്രേഡ് ടെസ്റ്റ് സപ്ലിമെന്ററി പരീക്ഷ എഴുതാനുള്ള ട്രെയിനികൾ 16 ന് മുമ്പായി അവരവരുടെ ഐടി ഐകളുമായി ബന്ധപ്പെടണം. 2014 ൽ പ്രവേശനം നേടിയ ട്രെയിനികളിൽ മൂന്ന്, നാല് സെമസ്റ്ററുകൾ എഴുതാൻ ഉള്ളവർക്ക് മാത്രമാണ് ഇനിയും അവസരം ലഭിക്കുക. 2015 മുതൽ 2017 വരെ പ്രവേശനം നേടിയ ട്രെയിനികൾക്ക് എല്ലാ സെമസ്റ്ററും എഴുതാൻ അവസരം ലഭിക്കുമെന്ന് അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിങ് അറിയിച്ചു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്സ്: അപേക്ഷ ക്ഷണിച്ചു

ഭുവനേശ്വർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്സ് ആൻഡ് ആപ്ലിക്കേഷൻസ് വിവിധ യുജി, പിജി പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: ജൂൺ 17. പ്രവേശനപരീക്ഷയുണ്ട്. വിവരങ്ങൾക്ക് https://iomaorissa.ac.in/admissions

ഹയർ സെക്കൻഡറി സ്വയം പഠന സഹായികളുടെ വിതരണം തുടങ്ങി

തിരുവനന്തപുരം

സ്കോൾ കേരള മലയാളത്തിലേക്ക് വിവർത്തനം ചെയ്ത സ്വയം പഠന സഹായികളുടെ വിൽപ്പന ആരംഭിച്ചു. ഹയർ സെക്കൻഡറി ഒന്നും രണ്ടും വർഷ വിദ്യാർഥികൾക്കുള്ള പഠന സഹായികളാണിത്. തിരുവനന്തപുരം ചാല ഗവ. തമിഴ് ഹയർ സെക്കൻഡറി സ്കൂളിലെ ഓഫീസിൽ ലഭ്യമാണ്. www.scolekerala. org വെബ്സൈറ്റ് മുഖേന ഓഫ് ലൈനായും ഓൺ ലൈനായും പുസ്തകവില അടച്ച് ചെലാൻ ഹാജരാക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2572990, 9895527970

കലിക്കറ്റ്

www.universityofcalicut.info

പരീക്ഷ

ഒന്നാം സെമസ്റ്റർ എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ് നവംബർ 2021 സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് പരീക്ഷ 23, 25 തീയതികളിൽ സർവകലാശാലാ സ്റ്റാറ്റിസ്റ്റിക്സ് പഠനവിഭാഗത്തിൽ നടക്കും.

മൂന്നാം സെമസ്റ്റർ എംബിഎ ഹെൽത്ത് കെയർ മാനേജ്മെന്റ്, ഇന്റർനാഷണൽ ഫിനാൻസ് ജനുവരി 2022 പരീക്ഷകൾ 24ന് തുടങ്ങും.

പരീക്ഷാ ഫലം

പത്താം സെമസ്റ്റർ ബിബിഎ എൽഎൽബി, ആറാം സെമസ്റ്റർ എൽഎൽബി യൂണിറ്ററി നവംബർ 2021 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 31വരെ ഓൺലൈനായി അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എംഎസ്സി കംപ്യൂട്ടർ സയൻസ്, അപ്ലൈഡ് സുവോളജി ഏപ്രിൽ 2021 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 24വരെ ഓൺലൈനായി അപേക്ഷിക്കാം.

ബിവോക് ഫുഡ് സയൻസ് ഏപ്രിൽ 2019 രണ്ടാം സെമസ്റ്റർ, ഏപ്രിൽ 2020 നാലാം സെമസ്റ്റർ, നവംബർ 2020 അഞ്ചാം സെമസ്റ്റർ, ഏപ്രിൽ 2021 ആറാം സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പരീക്ഷാ അപേക്ഷ

ആറാം സെമസ്റ്റർ ബിവോക് ഏപ്രിൽ 2022 റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് പരീക്ഷകൾക്കും ഏപ്രിൽ 2020, ഏപ്രിൽ 2021 സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് പരീക്ഷകൾക്കും പിഴകൂടാതെ 24വരെയും 170 രൂപ പിഴയോടെ 27വരെയും ഓൺലൈനായി അപേക്ഷിക്കാം.